compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഓഗസ്റ്റ് 04
Tuesday, 04th August 2026

1201 കർക്കടകം 19
19th Karkadakam 1201

1948 ശ്രാവണം 13
13th Sravana 1948

വാല്യം 15
Vol. XV

നമ്പർ 31
No.

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാസറഗോഡ് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

നമ്പർ ഒ. 1533/2026/കെഡിസ്. 2026 ജൂലൈ 14.

വിഷയം:— മഞ്ചേശ്വരം ബ്ലോക്ക് ലേബർ കോൺട്രാക്ട് സഹകരണസംഘം—ക്ലിപ്തം നമ്പർ എസ്-121—സമാപ്തീകരണം—ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം നിയമിതനായ അന്വേഷണ ഉദ്യോഗസ്ഥനായ ഹോസ്ദുർഗ്ഗ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ബദിയഡുക്ക യൂണിറ്റ് ഇൻസ്പെക്ടറുടെ 30-9-2025-ലെ 418/2025/ബി നമ്പർ അന്വേഷണ റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 20-2-2026-ലെ ഇതേ നമ്പർ നോട്ടീസ്.

(3) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), കാസറഗോഡിന്റെ 13-10-2025-ലെ 16/2025/ഒഐ നമ്പർ കത്ത്.

മഞ്ചേശ്വരം ബ്ലോക്ക് ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ലിപ്തം നമ്പർ എസ്-121 22-8-1992-ൽ രജിസ്റ്റർ ചെയ്യുകയും 23-10-1992-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘത്തിന്റെ ചീഫ് പ്രൊമോട്ടറുടെ നേതൃത്വത്തിൽ പ്രാഥമിക പൊതുയോഗം ചേർന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. അവസാനമായി സംഘത്തിൽ തെരഞ്ഞെടുപ്പ് നടത്തിയത് 2016-21 വർഷത്തേക്കാണ്. പ്രസ്തുത ഭരണ സമിതിയുടെ കാലാവധി അവസാനിച്ചതിന് ശേഷം സംഘത്തിന്റെ പ്രവർത്തനത്തിനായി പുതിയ ഭരണ സമിതിയെ തെരെഞ്ഞെടുക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്നുള്ള കാലയളവിൽ സംഘത്തിൽ ഭരണ സമിതിയോ അഡ്മിനിസ്ട്രേറ്റ് കമ്മിറ്റിയോ ചാർജെടുത്തിരുന്നില്ല.

സംഘം നിലവിൽ പ്രവർത്തന രഹിതമാണെന്നും, സംഘത്തിൽ പ്രാരംഭ ഓഹരി മൂലധനം പിരിച്ചെടുത്തതല്ലാതെ നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളൊന്നും തന്നെ ഏറ്റെടുത്ത് നടത്തിയിട്ടില്ലെന്നും, സംഘത്തിന്റെ പ്രാഥമിക പൊതുയോഗത്തിന് ശേഷം യാതൊരുവിധ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തിയിട്ടില്ലായെന്നും സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യതൊരു സാഹചര്യവും നിലവിലില്ല എന്നും സൂചന (1) അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിൽ ഇല്ലാത്തതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (3) കത്ത് പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡ് ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംഘം പ്രവർത്തനം തുടർന്നുകൊണ്ടുപോകുന്നതിനുള്ള സാധ്യതയില്ലായെന്ന് ബോധ്യമാകയാൽ 1969-ലെ കേരള സഹകരണ നിയമം 71 (1) വകുപ്പ് അനുസരിച്ച് സംഘം സമാപ്തീകരിക്കാതിരിക്കുവാൻ വല്ല കാരണവും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്നും അല്ലാത്തപക്ഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ചുകൊണ്ട് സൂചന (2) പ്രകാരം സംഘത്തിന്റെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അവസാന ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് കാണിച്ചുകൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ കാസറഗോഡ് എന്നിവർക്കും നോട്ടീസ് നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും ആരും തന്നെ യാതൊരു ആക്ഷേപമോ, അഭിപ്രായമോ അറിയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71 വകുപ്പ് അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

1. മഞ്ചേശ്വരം ബ്ലോക്ക് ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ലിപ്തം നമ്പർ എസ്-121 കേരള സഹകരണ നിയമം 71 (1)-ാം വകുപ്പ് പ്രകാരം കാസറഗോഡ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ ബദിയഡുക്ക യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.
2. ലിക്വിഡേറ്റർ 72 (2) വകുപ്പ് പ്രകാരം സംഘത്തിന്റെ എല്ലാ റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ് ഉടനെ ഏറ്റെടുക്കേണ്ടതും, സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം,
കാസറഗോഡ്.

(ഒപ്പ്)

ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാസറഗോഡ് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

നമ്പർ ഒ.03/2026/കെഡിസ്. 2026 ജൂലൈ 18.

വിഷയം:— മഞ്ചേശ്വരം— മംഗൽപ്പാടി പൂഴിത്തൊഴിലാളി ക്ഷേമ സഹകരണസംഘം ക്ലിപ്തം നമ്പർ എസ് 428 — സമാപ്തീകരണം— ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്— സംബന്ധിച്ച്.

സൂചന:— (1) കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം നിയമിതനായ അന്വേഷണ ഉദ്യോഗസ്ഥനായ മഞ്ചേശ്വരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ മഞ്ചേശ്വരം യൂണിറ്റ് ഇൻസ്പെക്ടറുടെ 27-9-2024-ലെ 320/2025/എം നമ്പർ അന്വേഷണ റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 20-2-2026-ലെ ഇതേ നമ്പർ നോട്ടീസ്.

(3) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), മഞ്ചേശ്വരത്തിന്റെ 18-12-2025-ലെ 280/2025/ഒ നമ്പർ കത്ത്.

മഞ്ചേശ്വരം- മംഗൽപ്പാടി പൂഴിത്തൊഴിലാളി ക്ഷേമ സഹകരണസംഘം ക്ലിപ്തം നമ്പർ എസ്-428, 12-10-2010-ൽ രജിസ്റ്റർ ചെയ്യുകയും 10-11-2010-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘത്തിന്റെ ചീഫ് പ്രൊമോട്ടറുടെ നേതൃത്വത്തിൽ പ്രാഥമിക പൊതുയോഗം ചേർന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. സംഘത്തിൽ നിലവിൽ ഉണ്ടായിരുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയുടെ കാലാവധി 15-1-2020-ന് അവസാനിച്ചിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനത്തിനായി പുതിയ ഭരണ സമിതിയെ തിരഞ്ഞെടുക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്നുള്ള കാലയളവിൽ സംഘത്തിൽ ഭരണ സമിതിയോ അഡ്മിനിസ്ട്രേറ്റ് കമ്മറ്റിയോ ചാർജ്ജെടുത്തിരുന്നില്ല.

സംഘം നിലവിൽ പ്രവർത്തനരഹിതമാണെന്നും, സംഘത്തിൽ പ്രാരംഭ ഓഹരി മൂലധനം പിരിച്ചെടുത്തതല്ലാതെ നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളൊന്നുംതന്നെ ഏറ്റെടുത്ത് നടത്തിയിട്ടില്ലെന്നും, സംഘത്തിന്റെ പ്രാഥമിക പൊതുയോഗത്തിനുശേഷം യാതൊരുവിധ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തിയിട്ടില്ലായെന്നും സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ല എന്നും സൂചന (1) അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിൽ ഇല്ലാത്തതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (3) കത്ത് പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മഞ്ചേശ്വരം ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംഘം പ്രവർത്തനം തുടർന്നുകൊണ്ട് പോകുന്നതിനുള്ള സാധ്യതയില്ലായെന്ന് ബോധ്യമാകയാൽ 1969-ലെ കേരള സഹകരണ നിയമം 71(1) വകുപ്പ് അനുസരിച്ച് സംഘം സമാപ്തീകരിക്കാതിരിക്കുവാൻ വല്ല കാരണവും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്നും അല്ലാത്തപക്ഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ചുകൊണ്ട് സൂചന (2) പ്രകാരം സംഘത്തിന്റെ അവസാന ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് കാണിച്ചുകൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ കാസറഗോഡ് എന്നിവർക്കും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നോട്ടീസ് നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും ആരും തന്നെ യാതൊരു ആക്ഷേപമോ, അഭിപ്രായമോ അറിയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71 വകുപ്പ് അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

1. മഞ്ചേശ്വരം- മംഗൽപ്പാടി പൂഴിത്തൊഴിലാളി ക്ഷേമ സഹകരണസംഘം ക്ലിപ്തം നമ്പർ എസ്- 428 കേരള സഹകരണ നിയമം 71(1)-ാം വകുപ്പ് പ്രകാരം മഞ്ചേശ്വരം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ മഞ്ചേശ്വരം യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

2. ലിക്വിഡേറ്റർ 72(2) വകുപ്പ് പ്രകാരം സംഘത്തിന്റെ എല്ലാ റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഉടനെ ഏറ്റെടുക്കേണ്ടതും, സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സഹകരണ സംഘം
ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, (ഒപ്പ്)
കാസറഗോഡ്. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.04 05:48:29 +05:30